# Celebration of 16th PravasiBharatiya Divas on 09 January, 2021 at New Delhi

December 07, 2020

---

**16 മത് പ്രവാസി ഭാരതീയ ദിവസാഘോഷം 2021 ജനുവരി 09 ന് ന്യൂ ഡൽഹിയിൽ നടക്കും.**

ഡിസംബർ 07, 2020

2021 ലെ 16 മത് പ്രവാസിഭാരതീയ ദിവസാഘോഷത്തിനായുള്ള വെബ്‌സൈറ്റ് ബഹുമാനപ്പെട്ട സഹ വിദേശകാര്യമന്ത്രി, ശ്രീ വി മുരളീധരനെ 2020 ഡിസംബർ 08 ന് ഉദ്ഘാടനം ചെയ്തുകൊണ്ട്, പ്രവാസി ഭാരതീയ ദിവസ കൺവെൻഷൻ 2020 ൽ പങ്കെടുക്കുന്നതിനായുള്ള ഓൺലൈൻ രജിസ്ട്രേഷന് തുടക്കം കുറിക്കുകയും ചെയ്തു.നടന്നു കൊണ്ടിരിക്കുന്ന കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ 16 മത് PBD കൺവെൻഷൻ 2021 , 2021 ജനുവരി 9 ന് വിർച്ചൽ രീതിയിൽ നടത്തുന്നതിന് തീരുമാനമായി.

പ്രവാസങ്ങളിലുള്ള സ്വദേശികളുമായ ബന്ധിപ്പിക്കുന്നതിനും ഇടപഴകുന്നതിനുമുള്ള പ്ലാറ്റ്ഫോം നൽകുന്ന ഭാരത സർക്കാരിന്റെ പ്രധാന ഇവന്റ് ആണ് പ്രവാസി ഭാരതീയ ദിവസ് കൺവെൻഷൻ.PBD 2021 ന്റെ വിഷയം "ആത്മ നിർഭർ ഭാരതത്തിനായി സംഭാവന ചെയ്യുക എന്നതാണ്".

16 മത് PBD കൺവൻഷന് മുന്നോടിയായി, 2020 -2021 കാലാവധിയിൽ അഞ്ച് PBD കോൺഫറൻസുകൾ വിർച്ചലായി നടന്നിരുന്നു: അവയാണ് (i) "ഭാരതീയ സംസ്കാരം പ്രചരിപ്പിക്കുന്നതിൽ പ്രവാസികളുടെ പങ്ക് "2020 ഡിസംബർ 09 ന് IST 12:00 മുതൽ -14:00 വരെ കൂടാതെ IST 19:30 മുതൽ -21:30 വരെ

(ii) "പ്രവാസികളായുള്ള ബിസിനസ്സ് നേതാക്കൾ & CEO കൾ എന്നിവരുമായുള്ള സംവാദം- MSME കൾ വികസിപ്പിക്കുന്നത് വഴി ആത്മനിർഭർ ഭാരത് സമ്പദ്ഘടന 5 ട്രില്യൺ യു എസ് ഡോളറിന്റെ ലക്ഷ്യം.2020 ഡിസംബർ 10 ന് IST 17:30 മുതൽ -19:30 വരെ.

(iii) "പ്രാദേശിക PBD – GCC- ഇന്ത്യ പ്രവാസി ഭാരതീയ ദിവസ് കോൺഫറൻസ്" ; 2020 ഡിസംബർ 11 ,IST 11:30 മുതൽ -13:30 വരെ കൂടാതെ IST 15:30 മുതൽ -17:30 വരെ.

(iv) "ഇന്ത്യ @ 75 പ്രദർശിപ്പിക്കുന്നതിന് മീഡിയ & എന്റെറ്റർറ്റെന്മെന്റ് പങ്കാളിത്തം ശക്തിപ്പെടുത്തുക"; 2020 ഡിസംബർ 2020 , IST 16:00 മുതൽ – 18:00 IST വരെ

(v)കൂടാതെ 2021 ജനുവരി 08 ന്, യൂത്ത് അഫയേഴ്സ് ആൻഡ് സ്പോർട്സ് മന്ത്രാലയത്തിന്റെ സഹകരണത്തോടെ "ജീവിതത്തിൽ പല വഴികളിൽ നിന്നും ഇന്ത്യയിയും വിദേശത്തുമുള്ള നേട്ടങ്ങൾ കരസ്ഥമാക്കിയ യുവ പ്രതിഭകളെ ഒരുമിച്ചു കൊണ്ടുവരുക" എന്നത് സംബന്ധിച്ച യൂത്ത് PBD കോൺഫറൻസ്

2021 ജനുവരി 09 ന് ഉച്ചയ്ക്ക് മുൻപ്, ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി പ്രവാസി ഭാരതീയ ദിവസ് കൺവെൻഷൻ ഉദ്ഘാടനം ചെയ്യുന്നതായിരിക്കും.ഉദ്ഘാടന ചടങ്ങിൽ ഭാരത് കോ ജാനിയെ ക്വിസ് മത്സരത്തിന്റെ ജേതാക്കളെ പ്രഖ്യാപിക്കുന്നതായിരിക്കും. PBD കൺവെൻഷനിൽ സമഗ്രമായ രണ്ടു സെഷനുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് - (i) " ആത്മനിർഭർ ഭാരത്തിൽ പ്രവാസികളുടെ പങ്ക്" കൂടാതെ (ii)" ആരോഗ്യം, സാമൂഹികം കൂടാതെ അന്താരാഷ്ട്ര ബന്ധങ്ങൾ എന്നിവയിൽ കോവിഡിന് ശേഷമുള്ള വെല്ലുവിളികളെ നേരിടുക" എന്നിവയാണവ. ഇതിനു ശേഷമുള്ള ഉപചാരപ്രഭാഷണ സെഷനിൽ , ഇന്ത്യയിലും വിദേശത്തും വ്യത്യസ്ത മേഖലകളിലായി കഴിവ് തെളിയിച്ച പ്രവാസികളായ വ്യക്തികൾക്ക് പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരങ്ങൾനൽകി ആദരിക്കുന്നതായിരിക്കും. പ്രവാസികൾക്കായി ബഹുമാനപ്പെട്ട രാഷ്ട്രപതി ഉപചാരപ്രസംഗം നടത്തുന്നതായിരിക്കും.

ഓരോ ഇന്ത്യക്കാരനും വിദേശങ്ങളിലുള്ള ഇന്ത്യൻ വംശജരും കാണുകയും പങ്കെടുക്കുകയും ചെയ്യണമെന്ന ഉദ്ദേശത്തോടെ PBD കൺവെൻഷനും അതിനു മുൻപുള്ള PBD കോൺഫറൻസുകളും മന്ത്രാലയത്തിന്റെ വിർച്വൽ പ്ലാറ്റ് ഫോമുകളിൽ തത്സമയമായി സ്ട്രീമിങ് നടത്തുന്നതായിരിക്കും.

**ന്യൂ ഡൽഹി**
**07 ഡിസംബർ, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**